പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 226 | 07/08/2017-ൽ മറുപടിക്ക്

## മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | എ) ബി) സി) | മലപ്പുറം ജില്ലയിലെ പാണക്കാട് മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ വ്യവസായ വകുപ്പിൽ നിന്നും ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ തിരുവനന്തപുരത്ത് റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി), കണ്ണൂരിൽ മലബാർ ക്യാൻസർ സെന്റർ (എം.സി.സി), എറണാകുളത്ത് കൊച്ചിൻ ക്യാൻസർ സെന്റർ (സി.സി.സി) എന്നിവിടങ്ങളിൽ സമഗ്ര ക്യാൻസർ ചികിത്സയ്ക്കുള്ള അതിനൂതന സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നതിനാലും സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും ക്യാൻസർ ചികിത്സാസംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാലും മലപ്പുറത്ത് പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | | |
| സി) | മുഖ്യമന്ത്രി അധ്യക്ഷനായ ഗവേണിംഗ് ബോഡി ഇതിനകം എത്ര തവണ യോഗം ചേർന്നു; പ്രസ്തുത കേന്ദ്രത്തിന്റെ ഭാവി സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ